LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ മണ്ഡലത്തിലെ ജല ജീവൻ മിഷൻ

198(2234) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതെന്നും ഈ പദ്ധതികളുടെ നിർവ്വഹണത്തിന് കണക്കാക്കിയ മതിപ്പുതുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്നും എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് പദ്ധതിവഴി നൽകാനാകുകയെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ&ബി) നിലമ്പൂർ മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനായി 592.10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളെല്ലാംതന്നെ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽനിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളാണ്. നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) മേൽപദ്ധതികൾക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പദ്ധതിക്ക് ഇതുവരെയും അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കരുളായി, മൂത്തേടം, അമരമ്പലം, എടക്കര, വഴിക്കടവ്, പോത്തുകല്ല്, ചുങ്കത്തറ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും അവയുടെ പ്രതികണക്ഷൻ ചെലവ് ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ വളരെ കൂടുതലായിരുന്നു. അതിനാൽ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം പരിഷ്കരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(ഡി) ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ പദ്ധതിയോട് വിമുഖത കാണിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ പഞ്ചായത്തുകളൊന്നുംതന്നെ പദ്ധതിയോട് വിമുഖത കാണിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അപ്പെക്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി മേൽപദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കമ്മിറ്റി അടുത്ത യോഗം ചേരുന്നത് എന്നാണെന്ന് അറിയിക്കാമോ;

ഇല്ല. ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം തയ്യാറാക്കുന്ന പുതിയ പദ്ധതികൾക്കാണ് സ്റ്റേറ്റ് ലെവൽ സ്റ്റീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം നൽകുന്നത്. പഞ്ചായത്തുകളുടെ റസല്യൂഷനും, ഡി.ഡബ്ല്യൂ.എസ്.എം. അംഗീകാരവും ലഭിക്കുന്നമുറയ്ക്ക് സ്റ്റേറ്റ് ലെവൽ സ്റ്റീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി പദ്ധതികൾ പരിഗണിക്കുന്നതാണ്. സ്റ്റേറ്റ് ലെവൽ സ്റ്റീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ യോഗം ചേരുന്നത്.

(എഫ്) ജല ജീവൻ മിഷൻ പ്രകാരമുള്ള പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനാണ് ജലജീവൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

തൃക്കരിപ്പൂർ ജലജീവൻ മിഷൻ പദ്ധതി

199(2235) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുവേണ്ട എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി സ്ഥലലഭ്യത ഉറപ്പാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും എത്രകുടുംബങ്ങൾക്ക് പദ്ധതിവഴി ശുദ്ധജലം ലഭിക്കുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly